# പതിനാലാം കേരള നിയമസഭ
# (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3536 12.05.2017-ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ ഭവന പുനർനിർമ്മാണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) കാറ്റും മഴയും മറ്റ് പ്രകൃതിക്ഷോഭവും മൂലം വീട് നഷ്ടപ്പെട്ട ഒട്ടനവധി മത്സ്യത്തൊഴിലാളികൾ വീട് പുനർനിർമ്മിക്കാനാവാതെ ക്ലേശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഏതൊക്കെ തരത്തിലുള്ള ഭവന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | ബി) മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കായി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ഭവന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു |
| സി) മത്സ്യത്തൊഴിലാളികൾക്കുള്ള ഫ്ലാറ്റ് നിർമ്മാണത്തിൽ എത്രയെണ്ണം ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; | സി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന തിരുവനന്തപുരം വലിയതുറയിൽ 32 ഫ്ളാറ്റുകളുടെ നിർമ്മാണം ആരംഭിയ്ക്കുകയും ഇതിൽ 8 എണ്ണം പൂർത്തീകരിക്കുകയും ചെയ്തിട്ടു ണ്ട്. തിരുവനന്തപുരം മുട്ടത്തറ വില്ലേജിൽ ഫിഷറീസ് വകുപ്പിന് കൈമാറി കിട്ടിയ 3.5 ഏക്കർ സ്ഥലത്ത് 192 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായുള്ള ഫ്ളാറ്റ് സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടു ണ്ട്. |
| ഡി) പുനരധിവസിപ്പിക്കപ്പെടേണ്ടതും വീട് നിർമ്മിച്ച് നൽകേണ്ടതുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അവ എത്രയെന്ന് വ്യക്തമാക്കുമോ; | ഡി) ഫിഷറീസ് വകുപ്പ് 2016-17 - ൽ നടത്തിയ പ്രാഥമിക കണക്കെടുപ്പ് പ്രകാരം തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന ഏകദേശം 24454 കുടുംബങ്ങൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടു ണ്ട്. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ കണ്ടെത്തുന്നതിനായി തിരുവനന്തപുരം, കാസർഗോഡ് ജില്ലകളിൽ സർവ്വേ നടത്തിയിട്ടു ണ്ട്. ടി സർവ്വേ റിപ്പോർട്ട് പ്രകാരം തിരുവനന്തപുരം ജില്ലയിൽ 3339 കുടുംബങ്ങളും കാസർഗോഡ് ജില്ലയിൽ 1102 കുടുംബ ങ്ങളും ഉണ്ടെന്ന് കണക്കാക്കിയിട്ടു ണ്ട്. |

ബാക്കിയുള്ള ഏഴു തീരദേശ ജില്ലകളിലും സർവ്വേ നടത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

| | | | |
|---|---|---|---|
| ഇ) | മത്സ്യത്തൊഴിലാളി ഭവനപദ്ധതി നടപ്പിലാക്കുമ്പോൾ കാലതാമസം നേരിടുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ? | ഇ) | ഓരോ സാമ്പത്തിക വർഷവും നടപ്പിലാക്കുന്ന ഭവന പദ്ധതിയ്ക്ക് ബന്ധപ്പെട്ട ജില്ലകളിൽ അപേക്ഷകൾ ക്ഷണിച്ച് ഫീൽഡ് ലെവൽ പരിശോധന നടത്തി കരട് അർഹതാ ലിസ്റ്റ് പ്രസിദ്ധികരിച്ച് ആക്ഷേപം ഉണ്ടെങ്കിൽ പരിഹരിച്ച് പ്രസിദ്ധപ്പെടുത്തുന്നു. ടി അർഹതാ ലിസ്റ്റിൽ നിന്നും ബന്ധപ്പെട്ട ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാതല ഗുണഭോക്തൃ സെലക്ഷൻ കമ്മിറ്റി നറുക്കെടുപ്പിലൂടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നു. ഇത്തരത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾ ആവശ്യമായ രേഖകൾ ഹാജരാക്കി ഫിഷറീസ് വകുപ്പുമായി എഗ്രിമെന്റിൽ ഏർപ്പെട്ട് ധനസഹായം കൈപ്പറ്റി ഭവന നിർമ്മാണം ആരംഭിയ്ക്കുകയും ചെയ്യുന്നു. ഭവന നിർമ്മാണ ധനസഹായത്തിനായി തിരഞ്ഞെടുക്കപ്പെടുന്നവരിൽ ചിലർ സ്വന്തം നിലയിൽ വീട് വയ്ക്കുകയോ മറ്റ് സർക്കാർ വകുപ്പുകളിൽ നിന്നും ഭവനം നിർമ്മാണ ധനസഹായം കൈപ്പറ്റുകയോ ചെയ്യാറു ണ്ട്. ഇത്തരത്തിലുള്ളവർക്ക് പകരം പുതിയ ഗുണഭോക്താക്കളെ വീ ണ്ടും തിരഞ്ഞെടുക്കേണ്ടതായി വരുന്നു ണ്ട്. ഇത്തരം സന്ദർഭങ്ങളിൽ പദ്ധതി നിർവ്വഹണത്തിൽ കാലതാമസം നേരിടാറുണ്ട്. സാമ്പത്തികമായി വളരെയധികം പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണ സാമഗ്രികളുടെ വർദ്ധിപ്പിച്ച വില, ദൗർലഭ്യം, വർദ്ധിച്ച നിർമ്മാണ കൂലി എന്നിവമൂലം നിശ്ചിത സമയ പരിധിയ്ക്കകം ധനസഹായം ഉപയോഗപ്പെടുത്തി ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാതെയും വരുന്നു ണ്ട്. |

Sreelekha T.P

**സെക്ഷൻ ആഫീസർ**

## അനുബന്ധം

ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് സമ്പൂർണ്ണ പാർപ്പിടം ലക്ഷ്യമിട്ട് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചുവടെ ചേർ ക്കുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.

**2016-17 സാമ്പത്തിക വർഷത്തിൽ**

**(1) സമഗ്രഭവന പദ്ധതി - 100 കോടി രൂപ**

ഭവന രഹിതരായ 2600 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ വീതവും ഭൂരഹിതരായ 800 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിനായി 2 മുതൽ 3 സെന്റ് വരെ സ്ഥലം വാങ്ങുന്നതിന് 6 ലക്ഷം രൂപ വീതവും ധനസഹായം അനുവദിക്കുന്നു.

**(2) മത്സ്യത്തൊഴിലാളി കോളനികളിൽ ഭവന നിർമ്മാണം :- 5 കോടി രൂപ**

മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യവികസനവും മാനവശേഷി വികസനവും എന്നതിൽപ്പെടുത്തി നടപ്പിലാക്കുന്ന ഫിഷർമെൻ കോളനി നവീകരണ പദ്ധതി പ്രകാരം തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം കോട്ടയം എന്നീ ജില്ലകളിലെ തെരഞ്ഞെടുത്ത ഫിഷറീസ് കോളനികളിലെ ഭവന രഹിതരായ 250 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2 ലക്ഷം രൂപ വീതം ഭവന നിർമ്മാണ ധനസഹായത്തിന് 5 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു.

**(3)ദേശീയ മത്സ്യത്തൊഴിലാളി ഭവന പദ്ധതി**

50% കേന്ദ്ര സർക്കാർ ധനസഹായത്തോടെയുള്ള ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന പദ്ധതി പ്രകാരം 299 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് 2 ലക്ഷം രൂപ വീതം ധനസഹായം അനുവദിച്ചിട്ടു ണ്ട്.

**(4) കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി - 25 കോടി**

സംസ്ഥാനത്ത് കടലാക്രമണത്തിൽ വീടും ഭൂമിയും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടമെന്ന നിലയിൽ 248 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിനായി 25 കോടിയുടെ പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം യൂണിറ്റിന് 10 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. സ്ഥലം വാങ്ങുന്നതിന് പരമാവധി 6 ലക്ഷം രൂപയും ഭവന നിർമ്മാണത്തിന് 3.50 ലക്ഷം രൂപയുമാണ് നിശ്ചയിച്ചിരിക്കുന്നത്. ഇതിനായി 2016-17 സാമ്പത്തിക വർഷം 2 കോടി രൂപ അഡീഷണൽ അതറൈസേഷൻ മുഖേന ലഭിക്കുകയും പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലകൾക്ക് അനുവദിച്ചു നൽകുകയും ചെയ്തിട്ടു ണ്ട്.

(2017-18) സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ

മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യവികസനവും മാനവശേഷി വികസനവും (2017-18) എന്നതിൽപ്പെടുത്തി ആകെ 150 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി ഘടകം | വകയിരുത്തിയിട്ടുള്ള തുക (തുക ലക്ഷത്തിൽ) |
|---|---|---|
| 1 | 1200 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം | 4800.00 |
| 2 | 750 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വെയ്ക്കുന്നതിന് ധനസഹായം | 7500.00 |
| 3 | തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി ഒരു ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് | 700.00 |
| 4 | 200 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 25 ഫ്ളാറ്റ് അപ്പാർട്ട് മെന്റുകൾ നിർമ്മിക്കുന്നതിന് | 2000.00 |
| | **ആകെ:** | **15000.00 ലക്ഷം** |

Sreekala T.P.

**സെക്ഷൻ ആഫീസർ**